ആന്റി റാബിസ് പ്രോഗ്രാം എന്നിവ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുള്ള ചെലവിന്റെ 50% അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ വഹിക്കുന്നതാണ്. പ്രസ്തുത പ്രോഗ്രാമിന്, ബോർഡുമായി വേണ്ടുന്ന കരാറിലേർപ്പെട്ട് ധനസഹായം നേടി പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കാനും ഇക്കാര്യം സമയബന്ധിതമായി നടപ്പിൽ വരുത്താനും പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ പേവിഷബാധ നിയന്ത്രണം സംബന്ധിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

അഞ്ചൽ ഗ്രാമപഞ്ചായത്തിനെ മുനിസിപ്പാലിറ്റിയാക്കുവാൻ നടപടി

160 (452) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തായ പുനലൂർ മണ്ഡലത്തിലെ അഞ്ചൽ ഗ്രാമപഞ്ചായത്തിനെ മുനിസിപ്പാലിറ്റിയാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2010-ൽ നടന്ന പൊതു തിരഞ്ഞെടുപ്പിനുമുൻപായി സംസ്ഥാനത്തെ നഗരസ്വഭാവം ആർജ്ജിച്ച ഏഴ് ഗ്രാമ പഞ്ചായത്തുകളെ മുനിസിപ്പൽ കൗൺസിലുകളാക്കി പരിവർത്തനം ചെയ്ത് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിദഗ്ദ്ധപഠനം നടത്തിയാണ് നഗരസ്വഭാവം ആർജ്ജിച്ച ഗ്രാമപഞ്ചായത്തുകളെ കണ്ടെത്തിയത്. അതുപ്രകാരം അഞ്ചൽ ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയാക്കാൻ വേണ്ടത്ര നഗരസ്വഭാവം ആർജ്ജിച്ചിരുന്നില്ല. കേരള മുനിസിപ്പാലിറ്റി ആക്ടിലെ 4-ാം വകുപ്പിൽ ഒരു ഗ്രാമപഞ്ചായത്തിനെ മുനിസിപ്പൽ കൗൺസിലായി പരിവർത്തനപ്പെടുത്തിക്കൊണ്ടുള്ള ഏതൊരു വിജ്ഞാപനവും ആ ഭൂപ്രദേശത്ത് നിലവിലുള്ള മുനിസിപ്പാലിറ്റിയുടെയോ, പഞ്ചായത്തിന്റെയോ സമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല എന്ന് മറ്റുകാര്യങ്ങളുടെ കൂട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2010-ലെ പൊതുതെരഞ്ഞെടുപ്പിനുശേഷം എല്ലാ മുനിസിപ്പാലിറ്റികളിലെയും ഭരണ സമിതികൾ 2010 നവംബർ 1-ാം തീയതി നിലവിൽ വന്നുകഴിഞ്ഞു. അതുകൊണ്ട് അഞ്ചൽ ഗ്രാമ പഞ്ചായത്തിനെ മുനിസിപ്പാലിറ്റിയാക്കാനുള്ള ഏതൊരു നിർദ്ദേശവും നിലവിലുള്ള ഭരണ സമിതിയുടെ കാലാവധി തീരുന്ന മുറക്ക് മാത്രമേ പ്രാബല്യത്തിൽ വരുത്താൻ സാധിക്കുകയുള്ളൂ. അഞ്ചൽ ഗ്രാമപഞ്ചായത്തിനെ മുനിസിപ്പാലിറ്റിയാക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly